DESPATCHED
On..09/12/21

?/c/11/2021



# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
## തിരുവനന്തപുരം 695 001

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic.ker@nic.in

**ഹർജി നമ്പർ AP No.386(6)/2021/*എസ്.ഐ.സി.***

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം

*(ഫയൽ നം.3123/എസ്.ഐ.സി-ജി 5/2021)*

സന്നിഹിതൻ

അഡ്വ. എച്ച്. രാജീവൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ

| | |
|---|---|
| ശ്രീ. എസ്. വിജയൻ,<br>കൃപ ഹൗസ്, കുഴിവിള ലെയിൻ,<br>പാണൻവിള, നാലാഞ്ചിറ പി.ഒ.,<br>തിരുവനന്തപുരം | അപ്പീൽ ഹർജിക്കാരൻ |

Vs

| | |
|---|---|
| 1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &<br>അസി. എക്സി. എഞ്ചിനീയർ,<br>ഉള്ളൂർ സോണൽ ഓഫീസ്,<br>തിരുവനന്തപുരം നഗരസഭ,<br>തിരുവനന്തപുരം<br>2. അപ്പീൽ അധികാരി &<br>ഉള്ളൂർ സോണൽ ഓഫീസ്,<br>തിരുവനന്തപുരം നഗരസഭ,<br>തിരുവനന്തപുരം | എതിർകക്ഷികൾ |

| | |
|---|---|
| 6(1) അപേക്ഷ നൽകിയ തീയതി | 15.12.2020 |
| മറുപടി ലഭ്യമാക്കിയ തീയതി | --- |
| ഒന്നാം അപ്പീൽ അപേക്ഷ നൽകിയ തീയതി | 21.01.2020 |
| മറുപടി ലഭ്യമാക്കിയ തീയതി | -- |
| രണ്ടാം അപ്പീൽ അപേക്ഷ നൽകിയ തീയതി | 02.03.2021 |
| കമ്മീഷനിൽ അപ്പീൽ ലഭ്യമായ തീയതി | 02.03.2021 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 15.04.2021 |
| മേൽ പ്രകാരമുള്ള റിപ്പോർട്ട് ലഭിച്ച തീയതി | 19.07.2021 |
| ഹിയറിംഗ് തീയതി & സ്ഥലം | 10.11.2021 & കമ്മീഷൻ ആസ്ഥാനം |

| ഹിയറിംഗിലെ സാന്നിദ്ധ്യം | |
|---|---|
| ഹർജിക്കാരൻ | ഹാജരായി |
| ഒന്നാം എതിർകക്ഷി | ഹാജരായി |

## ഉത്തരവ്

അപ്പീൽ ഹർജിക്കാരനായ ശ്രീ. എസ്. വിജയൻ കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീൽ അപേക്ഷയിൽ ബോധിപ്പിച്ചത്, ടിയാൻ വിവരാവകാശ നിയമപ്രകാരം സമർപ്പിച്ച അപേക്ഷയിന്മേൽ യാതൊരു മറുപടിയും ലഭ്യമായില്ലെന്നും ആയതിനാൽ ഒന്നാം അപ്പീൽ അപേക്ഷ സമർപ്പിച്ചുവെന്നും ആയതിന്മേലും യാതൊരു മറുപടിയും ലഭ്യമായില്ലെന്നും ആയതിനാൽ കമ്മീഷൻ ഇടപെട്ട് വിവരങ്ങൾ ലഭ്യമാക്കാൻ വേണ്ട നടപടി സ്വീകരിക്കണെമെന്നുമാണ്.

2. ഒന്നാം എതിർകക്ഷി മുമ്പാകെ ഹർജിക്കാരൻ 15.12.2020 ൽ സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ടത്, UE1/5211/19 എന്ന നമ്പരിൽ 04.09.2019 ൽ എസ്.വിജയൻ സമർപ്പിച്ച പരാതിയിൽ നാളിതുവരെയായി സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്നും മുഖ്യമന്ത്രിയുടെ പരാതി പരിഹാരസെല്ലിൽ 03.12.2019 ൽ സമർപ്പിച്ച പരാതിയുടെ അടിസ്ഥാനത്തിൽ (ഫയൽ നമ്പർ 1912014463) 03.03.2020 ൽ ഹിയറിംഗ് നടത്തിയെന്ന് കോർപ്പറേഷൻ ജനറിൽ സെക്ഷനിൽ നിന്നും അറിയാൻ കഴിഞ്ഞുവെന്നും ഹിയറിംഗിന് ഹാജരാകുവാനായി പുറപ്പെടുവിച്ച നോട്ടീസിന്റെ പകർപ്പും ഹിയറിംഗിനു ശേഷവും സ്വീകരിച്ച നടപടിയുടെ പകർപ്പും ലഭ്യമാക്കണമെന്നും മറ്റുമായി 8 ഇനങ്ങളിലായുളള വിവരങ്ങളാണ്. ആയതിന്മേൽ ടിയാൻ 13.01.2021 ൽ

ലഭ്യമാക്കിയ മറുപടി ഒന്നാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിനൊപ്പം ഹാജരാക്കിയതായി കാണുന്നു. മറുപടി ലഭ്യമായില്ല എന്ന് പരാതിപ്പെട്ട് ടിയാൻ 21.01.2021 തീയതി ഒന്നാം അപ്പീൽ അപേക്ഷ സമർപ്പിച്ചു. ആയതിന്മേൽ രണ്ടാം എതിർകക്ഷി അപ്പീൽ തീർപ്പാക്കിയതായി കാണുന്നില്ല.

3. രണ്ടാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ 19.07.2021 ൽ സമർപ്പിച്ച റിപ്പോർട്ടിലൂടെ അറിയിച്ചത്, ഹർജികക്ഷിയുടെ അപേക്ഷക്ക് 19.01.2021 ൽ മറുപടി അയച്ചു നൽകിയിട്ടുള്ളതാണെന്നും ആയത് ലഭ്യമായില്ലെന്നു ടിയാൻ കത്തിൽ സൂചിപ്പിച്ചതിനാൽ ടി മറുപടിയുടെ പകർപ്പ് വീണ്ടും അയച്ചുവെന്നുമാണ്.

4. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ, ഹർജിക്കാരന്റെ 15.12.2020 ലെ വിവരാവകാശ അപേക്ഷയിന്മേൽ ഒന്നാം എതിർകക്ഷി 19.01.2021 തീയതി മറുപടി നൽകിയതായി കാണുന്നു. എന്നാൽ ടിയാൻ ആവശ്യപ്പെട്ട രേഖകൾ നൽകിയിട്ടില്ല. ഹർജിക്കാരൻ 21.01.2021 ൽ അപ്പീൽ അപേക്ഷ സമർപ്പിച്ചതിന്മേൽ അപ്പീൽ അധികാരി ടി അപ്പീൽ അപേക്ഷ തീർപ്പാക്കിയതായി കാണുന്നില്ല. ആയത് വിവരാവകാശ നിയമമനുസരിച്ച് കുറ്റകരമാണ്. ഇക്കാര്യത്തിൽ രണ്ടാം എതിർകക്ഷി വേണ്ടത്ര ശ്രദ്ധ പതിപ്പിക്കേണ്ടതാണെന്നും മേലിൽ ഇപ്രകാരം തെറ്റ് ആവർത്തിക്കാൻ പാടില്ല എന്ന് കമ്മീഷൻ ടിയാനെ താക്കീത് ചെയ്യുന്നു. ഒന്നാം എതിർകക്ഷി അയച്ചു നൽകി എന്നു പറയുന്ന മറുപടി ടിയാന് ലഭിച്ചില്ലെന്നാണ് ഹർജികക്ഷി ഹിയറിംഗിൽ മൊഴി നൽകിയത്. വിവരാവകാശ അപേക്ഷകൾ കൈകാര്യം ചെയ്യുമ്പോൾ എതിർകക്ഷികൾ കൂടുതൽ ജാഗ്രത പുലർത്തേണ്ടതാണ്. 10.11.2021

ലെ ഹിയറിംഗ് വേളയിൽ നിർദ്ദേശിച്ചതനുസരിച്ച് ഒന്നാം എതിർകക്ഷി 19.11.2021 ന് 11 മണിക്ക് കമ്മീഷൻ മുമ്പാകെ ഹാജരാവുകയും ടിയാൻ ആവശ്യപ്പെട്ട മുഴുവൻ രേഖകളുടെയും സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ ഹാജരാക്കുകയും ചെയ്തു. തുടർന്ന് ഹർജികക്ഷി 20.11.2021 ൽ ടി രേഖകൾ കമ്മീഷനിൽ നിന്ന് നേരിട്ട് കൈപ്പറ്റുകയും ടിയാന് നിലവിൽ പരാതി നിലനിൽക്കുന്നില്ലെന്ന് അറിയിച്ചിട്ടുള്ളതുമാണ്. ടി സാഹചര്യത്തിൽ ഈ അപ്പീൽ ഹർജിയിന്മേൽ തുടർനടപടികൾ ആവശ്യമില്ലെന്നു വിലയിരുത്തി, ഈ അപ്പീൽ ഹർജി ഇന്നേ ദിവസം 2021, നവംബർ 20–ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

(ഒപ്പ്)

അഡ്വ.എച്ച്. രാജീവൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

അഡീഷണൽ സെക്രട്ടറി (നിയമം)
dp